**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ വകുപ്പ് - എറണാകുളം ജില്ലയിലെ പച്ചാളം സോണിലേക്കുള്ള ജലവിതരണം മെച്ചപ്പെടുത്തുന്നതിനായി Distribution Mains from Pachalam OHSR - Phase 2 എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച ദർഘാസ് അംഗീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (ജലവിതരണ-ബി) വകുപ്പ്**

സ.ഉ.(കൈ) നം.17/2025/WRD തീയതി,തിരുവനന്തപുരം, 28-02-2025

---

പരാമർശം:-
1. സ.ഉ.(സാധാ)നം.2906/2022/LSGD തീയതി 24.11.2022.
2. സ.ഉ.(പി)നം.16/2017/ധന തീയതി 06.02.2017.
3. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 19.10.2024 തീയതിയിലെ KWA-JB/1378/2023-AE 10-Part(1) നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ പച്ചാളം സോണിലേക്കുള്ള ജലവിതരണം മെച്ചപ്പെടുത്തുന്നതിനായി Distribution Mains from Pachalam OHSR - Phase 2 എന്ന പ്രവൃത്തിയ്ക്ക് AMRUT പരാമർശം (1) പ്രകാരം 15.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. കേരള വാട്ടർ അതോറിറ്റി 14.05.2024 തീയതിയിൽ 15.71 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയുണ്ടായി.

2. പ്രസ്തുത പ്രവൃത്തിയ്ക്ക് പല തവണ ടെൻഡർ ക്ഷണിച്ചുവെങ്കിലും ആരും പങ്കെടുക്കാത്തതിനെ തുടർന്ന് റദ്ദ് ചെയ്യുകയുണ്ടായി. കൊച്ചി പിഎച്ച് സർക്കിളിലെ സൂപ്രണ്ടിങ് എൻജിനീയർ 12,29,08,488/- രൂപ Tendered PAC ആയി കാണിച്ചു കൊണ്ട് ക്ഷണിച്ച റീ ടെൻഡറിൽ M/s ബി.ജി.ടെക് എൻജിനീയറിങ്, ബിൽഡിങ് നം.39/386-4, കാട്ടൂക്കര, തിരുവല്ല, പത്തനംതിട്ട, പിൻ - 689101-ൽ നിന്നും ഒരു ഓഫർ ലഭിച്ചുവെന്നും Single Bidder Quote ചെയ്ത തുകയായ 15,33,85,675.75/-രൂപ Tendered PAC-യായ 12,29,08,488 രൂപയെക്കാൾ 24.80% അധികമായിരുന്നുവെന്നും പരാമർശം (3) പ്രകാരം കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3. പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം DSoR + 10%, പ്രാദേശിക വിപണി നിരക്ക്, കരാറുകാരൻ ക്വാട്ട് ചെയ്ത തുക ഇവയിൽ ഏതാണോ കുറവ് വരുന്നത് ആ തുകയ്ക്കാണ് ദർഘാസ് അംഗീകരിക്കേണ്ടത് എന്നതിനാൽ പ്രസ്തുത പ്രവൃത്തി Current SoR+10% ആയ 13,51,99,336.28 രൂപയ്ക്ക് മാത്രമെ പ്രസ്തുത ദർഘാസ് അനുവദിക്കാനാകുകയുള്ളൂ. കരാറുകാരൻ രേഖപ്പെടുത്തിയ തുക ഉയർന്നതായതിനാൽ ക്വാട്ട് ചെയ്ത തുക കുറയ്ക്കാൻ കൊച്ചി സൂപ്രണ്ടിംഗ് എഞ്ചിനീയർ മുഖാന്തരം ലേലക്കാരനോട് അഭ്യർത്ഥിച്ചുവെങ്കിലും പ്രസ്തുത തുകയിൽ കുറവ് വരുത്താൻ കരാറുകാരൻ തയ്യാറായില്ല.

4. കനത്ത വെള്ളക്കെട്ടുള്ളതും ജനസാന്ദ്രതയുള്ളതുമായ പ്രദേശത്തെ റെയിൽപ്പാതയ്ക്ക് കുറകെ Push Through വർക്ക് നടത്തേണ്ടതുണ്ടെന്നും പകൽ സമയത്ത് തിരക്ക് കൂടുതലായതിനാൽ

രാത്രിയിൽ Push Through ഓപ്പറേഷൻ നടത്താമെന്നും ഈ ഭാഗത്ത് ധാരാളം പരസ്പരബന്ധിത ജോലികൾ ഉണ്ടെന്നും ലേലക്കാരൻ അറിയിച്ചതായി വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. റീടെൻഡറിൽ മികച്ച ഓഫർ ലഭിക്കാനുള്ള സാധ്യത കുറവായതിനാൽ ടി പ്രവൃത്തി സിംഗിൾ ബിഡ്ഡർ ആയ M/s ബി.ജി.ടെക് എൻജിനീയറിങ്, ബിൽഡിങ് നം.39/386-4, കാട്ടൂക്കര, തിരുവല്ല, പത്തനംതിട്ട, പിൻ-689101 -ന് അവർ ക്വാട്ട് ചെയ്ത നിരക്കായ 15,33,85,676/- രൂപയ്ക്ക്, അനുവദിക്കണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

5. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അനവധി തവണ ടെണ്ടർ കഴിഞ്ഞതാണ് ഈ പ്രവൃത്തി. ഇപ്പോഴും സിംഗിൾ ടെണ്ടർ മാത്രമേ വന്നിട്ടുള്ളൂ. കൂടാതെ ഈ പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള ഭൗതിക സാഹചര്യ ബുദ്ധിമുട്ടുകൾ വളരെ വിശദമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 13.51 കോടി രൂപ തന്നെ ടോളറൻസ് ലിമിറ്റ് ആയിരിക്കുമ്പോൾ 13.57 കോടി മാത്രമാണ് .

6. പ്രസ്തുത സാഹചര്യത്തിൽ, എറണാകുളം ജില്ലയിലെ പച്ചാളം സോണിലേക്കുള്ള ജലവിതരണം മെച്ചപ്പെടുത്തുന്നതിനായി Distribution Mains from Pachalam OHSR - Phase 2 നൽകുന്നതിനുള്ള പ്രവൃത്തി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്നതിന് TPAC-യെക്കാൾ 24.80% അധികരിച്ച തുകയായ 15,33,85,676/- രൂപയ്ക്ക് M/s ബി.ജി.ടെക് എൻജിനീയറിങ്, ബിൽഡിങ് നം.39/386-4, കാട്ടൂക്കര, തിരുവല്ല, പത്തനംതിട്ട എന്നവർ ക്വാട്ട് ചെയ്ത സിംഗിൾ ടെൻഡർ അംഗീകരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

1. മനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
3. പൊതുഭരണ(എസ്.സി) വകുപ്പ് (27.02.2025 ലെ ഇനം നം.2743 പ്രകാരം)
4. ധനകാര്യ വകുപ്പ് (ഫയൽ നം.പിയുസി1/262/2024-ധന പ്രകാരം)
5. ഇൻഫർമേഷൻ ഓഫീസർ, വെബ് ന്യൂ മീഡിയ, ഐ &പി.ആർ.ഡി
6. കരുതൽ ഫയൽ/ ഓഫിസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Khadeeja Alungal
Date: 01-03-2025 10:41:31
സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു ജലവിഭവ വകുപ്പ് മന്ത്രിയുടെ പി.എസ്സ്.
ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
ജലവിഭവ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 27-02-2025**

ഫയൽ നം. ഡബ്ല്യൂ.എസ്.-ബി2/167/2024/ജവിവ. ഇനം നം: 2743

വിഷയം : ജലവിഭവ വകുപ്പ് - എറണാകുളം ജില്ലയിലെ പച്ചാളം സോണിലേക്കുള്ള ജലവിതരണം മെച്ചപ്പെടുത്തുന്നതിനായി Distribution Mains from Pachalam OHSR - Phase 2 നൽകുന്നതിനുള്ള പ്രവൃത്തി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്നതിനുള്ള ടെൻഡർ അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.

OFFICE OF THE ADDITIONAL CHIEF SECRETARY, HOME & VIGILANCE DEPARTMENT
28 FEB 2025

WSB
28/2/25
S.S

2743

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഡബ്ല്യൂഎസ്-ബി2/167/2024-ജവിവ |
| 2. | വകുപ്പ് | : | ജലവിഭവ (ജലവിതരണ -ബി) വകുപ്പ് |
| 3. | വിഷയം | : | എറണാകുളം ജില്ലയിലെ പച്ചാളം സോണിലേക്കുള്ള ജലവിതരണം മെച്ചപ്പെടുത്തുന്നതിനായി Distribution Mains from Pachalam OHSR - Phase 2 നൽകുന്നതിനുള്ള പ്രവൃത്തി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്നതിനുള്ള ടെൻഡർ അംഗീകരിക്കുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 04.02.2025 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത യുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ള താണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ?<br>ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | :<br>:<br>: | അതെ<br>ഉണ്ട്.<br>ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.സജികുമാർ ജെ. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ | : | ശ്രീ.ബിശ്വനാഥ് സിൻഹ |

| | | | |
|---|---|---|---|
| . | ചീഫ് സെക്രട്ടറിയുടെ പേര് | | |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 10.02.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 15.02.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.റോഷി അഗസ്റ്റിൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 19.02.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 20.02.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

എറണാകുളം ജില്ലയിലെ പച്ചാളം സോണിലേക്കുള്ള ജലവിതരണം മെച്ചപ്പെടുത്തുന്നതിനായി 'Distribution Mains from Pachalam OHSR - Phase 2' എന്ന പ്രവൃത്തി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ സമർപ്പിച്ച TPAC യെക്കാൾ 24.80% അധികരിച്ച 15,33,85,675.75/- രൂപയുടെ ടെണ്ടർ അംഗീകരിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. എറണാകുളം ജില്ലയിലെ പച്ചാളം സോണിലേക്കുള്ള ജലവിതരണം മെച്ചപ്പെടുത്തുന്നതിനായി 'Distribution Mains from Pachalam OHSR - Phase 2' എന്ന പ്രവൃത്തിക്ക് 24/11/2022 തീയതിയിലെ GO (Rt) No. 2906/2022/LSGD പ്രകാരം 15.75 കോടി രൂപയുടെ ഭരണാനുമതി നൽകി. 14.05.2024 -ലെ ഉത്തരവ് പ്രകാരം 15.71 കോടി രൂപയുടെ സാങ്കേതികാനുമതി കേരള വാട്ടർ അതോറിറ്റി നൽകുകയുണ്ടായി. പല തവണ ടെൻഡർ ക്ഷണിച്ചുവെങ്കിലും ആരും പങ്കെടുക്കാത്തതിനെ തുടർന്ന് ടെണ്ടർ റദ്ദാക്കി. കൊച്ചി പി എച്ച് സർക്കിളിലെ സൂപ്രണ്ടിങ് എൻജിനീയർ 12,29,08,488/- രൂപ Tendered PAC ആയി കാണിച്ചു കൊണ്ട് റീ ടെൻഡർ ക്ഷണിക്കുകയും ചെയ്തു. M/s ബി.ജി.ടെക് എൻജിനീയറിങ്, ബിൽഡിങ് നം.39/386-4, കാട്ടൂക്കര, തിരുവല്ല, പത്തനംതിട്ട, പിൻ -689101-ൽ നിന്നും ഒരു ഓഫർ ലഭിച്ചു. Single Bidder Quote ചെയ്ത തുകയായ 15,33,85,675.75/-രൂപ Tendered PAC-യായ 12,29,08,488 രൂപയെക്കാൾ 24.80% അധികമായിരുന്നു.

3. ടെൻഡർ ഇവാല്യവേഷൻ താഴെ പറയും പ്രകാരമാണ്.

a) LMR PAC corresponding to TPAC : Rs. 13,57,05,925.68 (10.41 % Above TPAC) (LMR Place: Kochi Taluk, LMR as on 06.07.2024)
b) Quoted amount of L1 Bidder - Rs.15,33,85,675.75 /- (24.80 % above TPAC)
c) Current SoR+10.00% : Rs.13,51,99,336.28

4. നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി മുകളിൽ പ്രസ്താവിച്ചിട്ടുള്ളതിൽ ഏറ്റവും കുറഞ്ഞ തുക മാത്രമേ അനുവദിക്കാനാകൂ എന്നതിനാൽ പ്രസ്തുത പ്രവൃത്തി Current SoR+10% ആയ 13,51,99,336.28 രൂപയ്ക്ക് മാത്രമെ അനുവദിക്കാനാകൂ. കരാറുകാരൻ രേഖപ്പെടുത്തിയ തുക ഉയർന്നതായതിനാൽ ക്വാട്ട് ചെയ്ത തുക കുറയ്ക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ, കൊച്ചി മുഖാന്തരം ലേലക്കാരനോട് അഭ്യർത്ഥിച്ചതായി വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. എന്നാൽ ക്വാട്ട് ചെയ്ത തുകയിൽ കുറവ് വരുത്താൻ Bidder തയ്യാറായില്ല. കനത്ത വെള്ളക്കെട്ടുള്ളതും ജനസാന്ദ്രതയുള്ളതുമായ പ്രദേശത്തെ റെയിൽപ്പാതയ്ക്ക് കുറുകെ Push Through വർക്ക് നടത്തേണ്ടതുണ്ടെന്നും പകൽ സമയത്ത് തിരക്ക് കൂടുതലായതിനാൽ രാത്രിയിൽ Push Through ഓപ്പറേഷൻ നടത്താമെന്നും ഈ ഭാഗത്ത് ധാരാളം പരസ്പരബന്ധിത ജോലികൾ ഉണ്ടെന്നും ലേലക്കാരൻ അറിയിച്ചിട്ടുണ്ട്. Single Bidder മാത്രമേ ടെൻഡറിൽ പങ്കെടുത്തുവുള്ളുവെന്നും ബിഡ്ഡർ രേഖപ്പെടുത്തിയ തുക 15,33,85,676/- TPAC-യെക്കാൾ 24.80 % കൂടുതൽ ആണെന്നും കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

**<u>Comparison statement with Quoted Amount</u>**

| **Quoted Amount Rs.15,33,85,676/-** | | |
|---|---|---|
| | Amount | Quoted Amount Percentage above or below. |
| Tendered PAC (TPAC) (Current SoR) | Rs.12,29,08,488/- | 24.80 % above |
| Current SoR + 10% | Rs.13,51,99,336.28 | 13.45 % above |
| Local Market Rate (LMR) | Rs.13,57,05,925.68/- | 13.03 % above |

5. റീടെൻഡറിൽ മികച്ച ഓഫർ ലഭിക്കാനുള്ള സാധ്യത കുറവായതിനാൽ ടി പ്രവൃത്തി സിംഗിൾ ബിഡ്ഡർ ആയ M/s ബി.ജി.ടെക് എൻജിനീയറിങ്, ബിൽഡിങ് നം.39/386-4, കാട്ടുക്കര, തിരുവല്ല, പത്തനംതിട്ട, പിൻ -689101-ന് അവർ ക്വാട്ട് ചെയ്ത

നിരക്കായ 15,33,85,676/- രൂപയ്ക്ക്, (ടിപിഎസിക്ക് 24.80% മുകളിൽ) അനുവദിക്കാൻ കേരള വാട്ടർ അതോറിറ്റി എം.ഡി ശിപാർശ ചെയ്തു.

6. ഫയൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിന് സമർപ്പിച്ചപ്പോൾ ടി വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു.

*" AD is informed that in case AD/KWA feel that there will be no change in estimate amount even after reworking the estimate and no scope in getting a better response even on recall of tenders and that the urgency of scheme completion under Amruth 2.0 works, then the single Bid submitted by M/s B G Tech Engineering, Building No. 39/386 - 4, Kattookkara, Thiruvalla, Pathanamthitta, Pin - 689101 at his Quoted amount of Rs. 15,33,85,676/- which is 24.80% above TPAC obtained during re-tendering the work after recasting the estimate shall be placed before Council of Ministers for getting approval, with full justification after making an earnest effort to bring down the rate to LMR PAC."*

7. ഫയൽ ബഹു.ജല വിഭവ വകുപ്പ് മന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ബഹു. മന്ത്രി താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"അനവധി തവണ ടെണ്ടർ കഴിഞ്ഞതാണ് ഈ പ്രവൃത്തി. ഇപ്പോഴും സിംഗിൾ ടെണ്ടർ മാത്രമേ വന്നിട്ടുള്ളു. കൂടാതെ ഈ പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള ഭൗതീക സാഹചര്യ ബുദ്ധിമുട്ടുകൾ വളരെ വിശദമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 13.51 കോടി രൂപ തന്നെ ടോളറൻസ് ലിമിറ്റ് ആയിരിക്കുമ്പോൾ 13.57 കോടി മാത്രമാണ് യഥാർത്ഥ മാർക്കറ്റ് റേറ്റ് വരുന്നത് അസ്വാഭാവികമായി കാണുന്നത് മാത്രമല്ല പ്രൈസ് സംവിധാനത്തിലെ മാർക്കറ്റ് വില രേഖപ്പെടുത്തുന്നതിലെ പോരായ്മകൂടിയാണെന്ന് കാണാവുന്നതാണ്. പ്രവൃത്തിയുടെ പ്രാധാന്യവും കേന്ദ്ര ഫണ്ട് ലഭിക്കുന്ന കാര്യവും കണക്കിലെടുത്ത് ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് വയ്ക്കാൻ ബഹു. മുഖ്യമന്ത്രി സദയം ഉത്തരവായാലും".

8. ഫയൽ ബഹു.മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്യപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

എറണാകുളം ജില്ലയിലെ പച്ചാളം സോണിലേക്കുള്ള ജലവിതരണം മെച്ചപ്പെടുത്തുന്നതിനായി 'Distribution Mains from Pachalam OHSR - Phase 2' എന്ന പ്രവൃത്തി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്നതിന് TPAC-യെക്കാൾ 24.80% അധികരിച്ച തുകയായ 15,33,85,676/- രൂപയ്ക്ക് M/s ബി.ജി.ടെക് എൻജിനീയറിങ്, ബിൽഡിങ് നം.39/386-4, കാട്ടുക്കര, തിരുവല്ല, പത്തനംതിട്ട എന്നവർ ക്വാട്ട് ചെയ്ത സിംഗിൾ ടെൻഡർ അംഗീകരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകാമോ?